CCM( 7) 2015-16

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.06.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15ന് ബഹു. നഗരകാര്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.06.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

**2.1** 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 1107 തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 9293.27 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 924 ഗ്രാമപഞ്ചായത്തുകൾ 6146.96 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 135 ബ്ലോക്ക് പഞ്ചായത്തുകൾ 1582.73 കോടി രൂപയുടെയും, 6 ജില്ലാ പഞ്ചായത്തുകൾ 730.19 കോടി രൂപയുടെയും, 42 മുനിസിപ്പാലിറ്റികൾ 834.38 കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

**2.** കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.05.2015-ലെ യോഗം ഇനം 2.5 പ്രകാരം രൂപീകരിച്ച ഇ-ടെണ്ടർ സംബന്ധിച്ച സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 27.05.2015ൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ wp(c) No.15444/2015E റിട്ട് പെറ്റിഷനിൽ പരാതിക്കാരെക്കൂടി കേൾക്കുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവായി എന്നറിഞ്ഞ സാഹചര്യത്തിൽ പരാതിക്കാരെ കേൾക്കുന്നതിന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും തത്സംബന്ധമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി അടുത്ത യോഗത്തിൽ ചർച്ച ചെയ്യാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നതാണ്. യഥാസമയം റിപ്പോർട്ട് കിട്ടാത്ത നടപടിയിൽ യോഗം അസംതൃപ്തി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട റിട്ട് പെറ്റീഷനിലെ പരാതിക്കാരെ കേൾക്കുന്നതിന് എൽ.എസ്.ജി.ഡി. അഡീഷണൽ സെക്രട്ടറി ശ്രീ.കൃഷ്ണ ശർമ്മ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഫൈനാൻസ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ഇ.കെ. പ്രകാശ്, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.സി.പി.ജോൺ എന്നിവർ ഉൾപ്പെട്ട സബ്കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത സബ്കമ്മിറ്റി ജൂൺ 19 രാവിലെ 11 മണിക്ക് പരാതിക്കാരെ കേൾക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിക്കുകയും ചെയ്തു.

**2.3** എല്ലാ ആഴ്ചയിലും കോഓർഡിനേഷൻ കമ്മിറ്റി കൂടുന്നതിന് തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം. ആർ.സി.3/265/15)**

തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായുള്ള ABC-AR എന്ന പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പ്രോജക്ടായി നടപ്പാക്കാനുള്ള ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശം യോഗം അംഗീകരിച്ചു. പുതിയ തസ്തികകൾ സൃഷ്ടിക്കാതെയും മൃഗാശുപത്രികളുടെ നവീകരണത്തിന് അമിത തുക വിനിയോഗിക്കാതെയും വികേന്ദ്രീകൃത ഭരണ സംവിധാനം അനുസരിച്ചുള്ള

കമ്മിറ്റികൾ മാത്രം രൂപീകരിച്ചും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി എന്ന നിലയിൽ ജില്ലാ കളക്ടറുടെ സഹകരണം ഉറപ്പാക്കിയും പ്രോജക്ട് പ്രൊപ്പോസൽ റീകാസ്റ്റ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തുകൾ 2 ലക്ഷം രൂപ വീതവു, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപ വീതവും, ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപയും ഇതിനായി വകയിരുത്തുന്നത് പൂൾ ചെയ്ത് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൈകാര്യം ചെയ്യേണ്ടതാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഇന്ത്യൻ യൂണിയൻ ദളിത് ലീഗ് സംസ്ഥാന പ്രസിഡന്റ് യു.സി. രാമൻ എക്സ് എം.എൽ.എയുടെ അപേക്ഷ**

പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 10000 രൂപയും ടിക്കറ്റ് ചാർജും നൽകുന്നതിനാണ് മാർഗേരഖയിൽ വ്യവസ്ഥയുള്ളത്. ഇത് വർദ്ധിപ്പിച്ച് പട്ടികജാതി വകുപ്പ് നൽകുന്നതുപോലെ 50,000 രൂപയുടെ ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ഗാർഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകാൻ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും തനത് ഫണ്ടിൽ നിന്നും 10067 രൂപ വീതം വകയിരുത്താൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കോട്ടയം ജില്ലാ പഞ്ചായത്ത്**

കോട്ടയം ജില്ലയിലെ മുത്തോലി, കൊഴുവനാൽ, കിടങ്ങൂർ, ഏറ്റുമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ജില്ലാ പഞ്ചായത്ത് സംയുക്തമായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 21 പ്രോജക്ടുകൾ പഞ്ചായത്തുകൾ മുഖേന സംയുക്ത പ്രോജക്ടായി ഏറ്റെടുക്കാൻ അനുവദിച്ചു 27.05.2015 തീയതി യിലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 3.42 ഇനമായി തീരുമാനിച്ചിരുന്നു. ഇതന്മേൽ സ്പഷ്ടീകരണം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടത് ചർച്ച ചെയ്യുകയും സംയുക്ത പദ്ധതികൾ സംബന്ധിച്ച മാർഗരേഖയിലെ വ്യവസ്ഥകളും 30.01.2013-ലെ സ.ഉ.(എം.എസ്) 40/13 തസ്വഭവ സർക്കാർ ഉത്തരവും പാലിച്ചു വേണം സംയുക്തപദ്ധതി നടപ്പിലാക്കേണ്ടതെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.30 ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 24.06.2015 ന് രാവലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**